# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 103 05.03.2012ൽ മറുപടിയ്ക്ക്

### ആക്രമിക്കപ്പെട്ട ആരാധനാലയങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ എൻ. എ. നെല്ലിക്കുന്ന് : | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) 2012 ഫെബ്രുവരിയിൽ കാസർഗോഡ് മധൂർ പഞ്ചായത്തിൽ എത്ര ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ടിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിലുൾപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടതും ഇനി അറസ്റ്റ് ചെയ്യാനിരിക്കുന്നതുമായ പ്രതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ ; | എ) 2012 ഫെബ്രുവരിയിൽ ആരാധനാലയങ്ങൾ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രതികൾ ആരൊക്കെയാണെന്ന് വെളിവായിട്ടില്ലാത്തതിനാൽ ആരേയും അറസ്റ്റു ചെയ്തിട്ടില്ല. |
| ബി) മധൂർ പഞ്ചായത്തിലെ ഒരു ആരാധനാലയത്തിൽ മൃഗത്തിന്റെ തലവച്ച് വിശ്വാസികളുടെ വികാരം വ്രണപ്പെടുത്തിയ കേസ്സിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ ; | ബി) ഇല്ല. അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നു. |
| സി) മധൂർ പഞ്ചായത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർഗ്ഗീയസംഘർഷങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ സർക്കാർ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | സി) വർഗ്ഗീയ സംഘർഷബാധിത പ്രദേശങ്ങളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. വർഗ്ഗീയ സംഘർഷ പ്രശ്നങ്ങളിൽ ഉൾപ്പെടുന്ന വിഭാഗങ്ങൾക്ക് ഇടയിൽ എത്രയുംവേഗം ഇടപെട്ട് വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വർഗീയ സംഘർഷവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ശക്തവും നിഷ്പക്ഷവുമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വർഗ്ഗീയ സംഘർഷങ്ങൾക്ക് ഇടയാക്കുവാൻ സാധ്യതയുള്ള കാര്യങ്ങളെക്കുറിച്ച് മുൻകൂട്ടി വിവരങ്ങൾ ശേഖരിക്കുവാനുള്ള സംവിധാനം കാര്യക്ഷമമാക്കുകയും ആയതിൻ പ്രകാരം ശക്തമായ പോലീസ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥിരമായി ക്രമസമാധാന അന്തരീക്ഷം പാലിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ഡി.വൈ.എസ്.പി മാരുടെ നേതൃത്വത്തിൽ സർക്കിൾ തലത്തിൽ സമാധാന കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അവ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ